(12)

# പതിനാലാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. T. 2118** **18/07/2016 ൽ മറുപടി**

## പാഠ പുസ്തകങ്ങൾ അച്ചടിയും വിതരണവും

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി.വി. ഇബ്രാഹിം | | പ്രൊഫ. സി. രവീന്ദ്രനാഥ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഈ വർഷം സ്കൂളുകളിലേക്ക് എത്ര പാഠ പുസ്തകങ്ങൾ അച്ചടിക്കുവാനുള്ള ഓർഡർ ആണ് നൽകിയിരുന്നതെന്ന് വെളിപ്പെടുത്താമോ; | (എ) | 2016-17 അദ്ധ്യയന വർഷത്തേക്കുള്ള 1 മുതൽ 10 വരെ ക്ലാസുകളിലെ സിംഗിൾ, ഒന്നാം വാല്യം എന്നീ ഇനങ്ങളിൽ 2,88,92,200 പാഠപുസ്തകങ്ങളുടെയും പ്ലസ് ടു - ന്റെ 6,76,361 പാഠപുസ്തകങ്ങളുടെയും പ്ലസ് വൺ-ന്റെ 7,28,069 പാഠപുസ്തകങ്ങളുടെയും അച്ചടി ഓർഡറാണ് നൽകിയിരുന്നത്. |
| (ബി) | 2016 മെയ് 31 ന് മുമ്പ് എത്ര പാഠപുസ്തകങ്ങളാണ് കുട്ടികൾക്ക് വിതരണം ചെയ്തതെന്ന് വ്യക്തമാക്കാമോ; | (ബി) | 1 മുതൽ 10 വരെ ക്ലാസുകളിലെ 1,92,21,029 പാഠപുസ്തകങ്ങളും പ്ലസ് ടു പാഠപുസ്തകങ്ങളുടെ 80 ശതമാനവും പ്ലസ് വൺ പാഠപുസ്തകങ്ങളുടെ 60 ശതമാനവും വിതരണം ചെയ്തിട്ടുണ്ട്. |
| (സി) | സ്കൂൾ തുറന്നതിന് ശേഷം നാളിതുവരെയായി വിതരണം ചെയ്ത പാഠ പുസ്തകങ്ങളുടെ കണക്കുകൾ ലഭ്യമാക്കാമോ? | (സി) | 1 മുതൽ 10 വരെ ക്ലാസുകളിലെ 92,81,073 പാഠപുസ്തകങ്ങളും പ്ലസ് ടു ക്ലാസുകളിലെ 6,08,899 പാഠപുസ്തകങ്ങളും പ്ലസ് വൺ ക്ലാസുകളിലെ 5,93,591 പാഠപുസ്തകങ്ങളും വിതരണം ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ